**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1182** **07-02-2023 - ൽ മറുപടിയ്ക്ക്**

**നേര്യമംഗലത്ത് പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലത്ത് നിർമ്മിക്കുന്ന പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലന കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | നേര്യമംഗലം പി.ഡബ്ല്യൂഡി എഞ്ചിനീയേഴ്സ് ട്രെയിനിംഗ് സെന്റർ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ് വൈദ്യുതി കണക്ഷനും, അനുബന്ധ കെട്ടിടങ്ങളിൽ ഫർണീച്ചർ ലഭ്യമാക്കുന്നതിനും, പമ്പുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.<br>**ട്രെയിനിംഗ് സെന്ററിനോട് അനുബന്ധിച്ചുള്ള റസ്റ്റ് ഹൗസ് നിർമ്മാണം പൂർത്തീകരിച്ച് FIRE NOC യും കെട്ടിട നമ്പറും ലഭ്യമാക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പരിശീലന കേന്ദ്രത്തിലെ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | **പൂർത്തീകരിച്ച പ്രവൃത്തികളുടേയും, പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടേയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (സി) | പൂർത്തീകരിക്കുവാൻ ബാക്കിയുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | **പൂർത്തീകരിക്കുവാൻ ബാക്കിയുള്ള പ്രവൃത്തികൾ 2023 മാർച്ച് 31 നുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.** |
| (ഡി) | നേര്യമംഗലം പി.ഡബ്ല്യൂ.ഡി. പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിച്ച് ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് അടിയന്തരമായി പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | **വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് പര്യാപ്തമായ ജീവനക്കാരെ നിയമിച്ച് ട്രെയിനിംഗ് സെന്റർ പ്രവർത്തന സജ്ജമാക്കാൻ കഴിയുന്നതാണ്.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | |
|---|---|
| പൂർത്തീകരിച്ച പ്രവൃത്തികൾ | |
| 1 | Construction of Training centre for PWD Engineers at Neriamangalam - Phase I- ഫേസ് 1 പ്രവൃത്തിയിൽ ട്രെയിനിംഗ് സെന്റർ കെട്ടിടത്തിന്റെ സെല്ലാർ, ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നിവയുടെ നിർമ്മാണമാണ് പൂർത്തീകരിച്ചത്. |
| 2 | Construction of Training centre for PWD Engineers at Neriamangalam - Phase II- ഫേസ് 2 പ്രവൃത്തിയിൽ ട്രെയിനിംഗ് സെന്റർ കെട്ടിടത്തിന്റെ സെക്കൻഡ് ഫ്ലോർ, കോമ്പൗണ്ട് വാൾ, ഗേറ്റ്, കെട്ടിടത്തിലേക്കുള്ള റോഡ് എന്നിവയാണ് നിർമ്മിച്ചത്. |
| 3 | Construction of Training centre for PWD Engineers at Neriamangalam - Phase III- ഫേസ് 3 പ്രവൃത്തിയിൽ ട്രെയിനിംഗ് സെന്റർ കെട്ടിടത്തിനോട് അനുബന്ധിച്ചുള്ള റസ്റ്റ് ഹൗസിന്റെ സെല്ലാർ 1, സെല്ലാർ 2 എന്നിവയുടെ സ്ട്രക്ച്ചറൽ വർക്കും, ഗ്രൗണ്ട് ഫ്ലോറിന്റെ പൂർണ്ണമായ നിർമ്മാണവുമാണ് നടത്തിയത്. |
| 4 | Construction of Training centre for PWD Engineers at Neriamangalam - Phase III balance works-ഫേസ് 3 ബാലൻസ് വർക്ക് എന്ന പ്രവൃത്തിയിൽ ട്രെയിനിംഗ് സെൻറർ കെട്ടിടത്തിനോടനുബന്ധിച്ചുള്ള സെല്ലാർ 1, സെല്ലാർ 2 എന്നിവയുടെ പൂർത്തീകരണവും, ഫസ്റ്റ് ഫ്ലോർ, സെക്കൻറ് ഫ്ലോർ എന്നിവയുടെ നിർമ്മാണവുമാണ് പൂർത്തീകരിച്ചിട്ടുള്ളത്. |
| 5 | Construction of Quality Control Lab and office at PWD Complex Neriamangalam- ടി പ്രവൃത്തിയിൽ ക്വാളിറ്റി കൺട്രോൾ ലാബിൻറെയും ഓഫീസിൻറേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 6 | PWD complex, Neriamanagalam - Supplying necessary bed, pillows, bed sheets etc. for Rest House and Training Centre.- ടി പ്രവൃത്തിയിൽ ഉൾപ്പെടുത്തി റസ്റ്റ് ഹൗസ്, ട്രെയിനിംഗ് സെന്റർ എന്നീ കെട്ടിടങ്ങലിലേക്ക് ആവശ്യമായ ബെഡ്ഡുകളും, ബെഡ്ഡ് ഷീറ്റുകളും, തലയിണകളും ലഭ്യമാക്കിയിട്ടുണ്ട്. |
| പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ | |
| 1 | Construction of Training Centre for PWD Engineers at Neriamangalam - Phase III (Part TS) -Providing and supplying furniture, modern kitchen accessories, utensils etc. for Training centre and Rest House. - ഫേസ് 3 പ്രവൃത്തിയുടെ ഭരണാനുമതിയിലുൾപ്പെട്ട പാർട്ട് T.S ലഭിച്ച റസ്റ്റ് ഹൗസിലേക്ക് ഫർണീച്ചർ നൽകുന്നതിനുള്ള പ്രവൃത്തി പൂർത്തീകരിക്കുവാനുണ്ട്. |
| 2 | വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനും പമ്പുകൾ സ്ഥാപിക്കുന്നതിനും ഉള്ള പ്രവൃത്തികൾ ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ